LIBRARY ARCHIVES Kerala Legislative Assembly

## വിവര പൊതുജന സമ്പർക്ക വകുപ്പുമുഖേനയുള്ള മാധ്യമ പരസ്യങ്ങളുടെ ചെലവ്

65 (4680) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പുവഴി എത്ര മാധ്യമ പരസ്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) അത് ഏതെല്ലാം വകുപ്പുകളെ സംബന്ധിച്ചാണെന്നും എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് എന്നും വ്യക്തമാക്കാമോ ;

(സി) ഈ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് എത്ര രൂപ ചെലവ് വന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര രൂപ പരസ്യയിനത്തിൽ മാധ്യമങ്ങൾക്ക് നൽകുവാനുണ്ട് എന്നും ഇതിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്നും ഇത് എന്നത്തേക്ക് കൊടുത്തുതീർക്കാനാകുമെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പുവഴി ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെയുള്ള അച്ചടി മാധ്യമങ്ങൾക്ക് 1077 ഡിസ്പ്ലെ പരസ്യങ്ങളും7547 ടെന്റർ/നോൺ ടെന്റർ വിഭാഗത്തിൽപ്പെട്ട പരസ്യങ്ങളും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കായി 12 പരസ്യങ്ങളും നൽകിയിട്ടുണ്ട്.

(ബി) ടൂറിസം ഒഴികെ സർക്കാരിലെ എല്ലാ വകുപ്പുകളുടെ പരസ്യങ്ങളും നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും പ്രവർത്തന നേട്ടങ്ങളെ സംബന്ധിച്ചുമാണ് പരസ്യങ്ങൾ നൽകിവരുന്നത്. കൂടാതെ ടൂറിസം ഒഴികെയുള്ള എല്ലാ സർക്കാർ വകുപ്പുകളിൽനിന്നുമുള്ള ടെന്റർ, ദർഘാസുകൾ 'ക്വട്ടേഷനുകൾ' ലേലപരസ്യം, വിജ്ഞാപനങ്ങൾ, കണ്ടുകെട്ടൽ, കണ്ടെത്തൽ, കാരണം കാണിക്കൽ എന്നീ പരസ്യങ്ങളും നൽകുന്നു.

(സി) ഡിസ്പ്ലെ പരസ്യങ്ങൾ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതിന് ഏകദേശം 20,52,11,010 (ഇരുപത് കോടി അൻപത്തിരണ്ട് ലക്ഷത്തി പതിനൊന്നായിരത്തി പത്ത്) രൂപയും ടെന്റർ, നോൺ ടെന്റർ വിഭാഗത്തിൽപ്പെട്ട പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് ഏകദേശം 12,20,15,073 (പന്ത്രണ്ട് കോടി ഇരുപത് ലക്ഷത്തി പതിനയ്യായിരത്തി എഴുപത്തിമൂന്ന്) രൂപയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയതിന് ഏകദേശം 9 കോടി രൂപയും ചെലവു വരും.

(ഡി) ഏകദേശം 39 കോടി രൂപ പരസ്യയിനത്തിൽ മാധ്യമങ്ങൾക്ക് നൽകുവാനുണ്ട്. ഇതിന് ബഡ്ജറ്റിൽ 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽനിന്നും 2,45,07,085 (രണ്ട് കോടി നാൽപത്തിയഞ്ച് ലക്ഷത്തി ഏഴായിരത്തി എൺപത്തിയഞ്ച്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 3.5 കോടി രൂപ കൂടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കി തുക ബഡ്ജറ്റ് പാസ്സായശേഷം കൊടുത്തുതീർക്കാവുന്നതാണ്.

### സി-ഡിറ്റ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം

66 (4681) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത്, പട്ടത്ത് സി-ഡിറ്റിന് സർക്കാർ അനുവദിച്ച ഭൂമിയിൽ നാളിതുവരെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കും എന്നുള്ള വിവരം നൽകാമോ ?

### ഉത്തരം

(എ & ബി) കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിർമ്മാണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിൽ കാലതാമസം നേരിട്ടെങ്കിലും പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.-നെ ചുമതലപ്പെടുത്തിക്കൊണ്ട് കരാർ ഒപ്പിടുകയും ആദ്യ ഗഡുപ്രകാരമുള്ള തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ബി.എസ്.എൻ.എൽ. നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടെന്നും 2015 മാർച്ചുമാസത്തോടുകൂടി പണി പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

### പ്രവാസി കേരളീയർക്ക് ക്ഷേമ പദ്ധതികൾ

67 (4682) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയർക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇൻഷ്വറൻസ് പദ്ധതിവഴി പരിരക്ഷ ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി നോർക്ക ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly